"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ് - പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് - ചെമ്മണ്ണൂർ ലക്ഷം വീട് കോളനി റോഡിന്റെ നിർമ്മാണത്തിലെ ക്രമക്കേടുകൾ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അരുൺ ജെ. രഞ്ചിനെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

G.O.(Rt)No.50/2020/LSGD തീയതി,തിരുവനന്തപുരം, 04/01/2020

---

പരാമർശം:- 1 വിജിലൻസ് വകുപ്പിന്റെ 20.01.2015 തീയതിയിലെ 16735/D3/2014/Vig - നമ്പർ കത്ത്.

2 വിജിലൻസ് ഡയറക്ടറുടെ 18.12.2014 തീയതിയിലെ T1(CV 3/2014/TSR) - നമ്പർ കത്ത്.

3 31.01.2018 - ലെ LSGD-EW2/26/2015-LSGD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.

4 08.04.2018 തീയതിയിൽ ശ്രീ.അരുൺ ജെ. രഞ്ച് സമർപ്പി ച്ചിട്ടുള്ള പ്രതിവാദ പത്രിക.

5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 31.10.2018-ലെ ഇ10/4392/2015/സി.ഇ/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് ചെമ്മണ്ണൂർ ലക്ഷം വീട് കോളനി റോഡിന്റെ നിർമാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ എം-ബുക്കിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ച ക്രമക്കേടുകൾക്ക് ശ്രീ. അരുൺ ജെ. രഞ്ച്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ. ദാസ്, അസിസ്റ്റന്റ് എൻജിനീയർ എന്നിവർ ഉത്തരവാദികളാണെന്ന് കണ്ട് ടി ആളുകൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയും ആയത് വിജിലൻസ് വകുപ്പ് അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ

നടപ്പിലാക്കുന്നതിനായി പരാമർശം 1 പ്രകാരം ഈ വകുപ്പിലേക്ക് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.

2. പരാമർശം 2 പ്രകാരമുള്ള വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതനായ ശ്രീ. ദാസ്, അസിസ്റ്റന്റ് എൻജിനീയർ മരണപ്പെട്ടതിനാൽ ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കുകയും ശ്രീ. അരുൺ ജെ. രഞ്ച്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഈ വകുപ്പിൽ നിന്നും പരാമർശം 3 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം/ കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി. ആയതിന് ടിയാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയർ മുഖാന്തിരം പരാമർശം 4 പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. ആയതിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

3. എം – ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തുന്നത് അസിസ്റ്റന്റ് എൻജിനീയർ ആണെന്നും ആയതിൽ തനിക്ക് ഉത്തരവാദിത്തമില്ലെന്നും താൻ എം–ബുക്ക് വിശദമായി പരിശോധിച്ച് വേണ്ട തിരുത്തലുകൾ ബന്ധപ്പെട്ട പേജിൽ വരുത്തിയിട്ടുണ്ടെന്നും മേൽ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

4. പരാമർശം 5 പ്രകാരം ചീഫ് എൻജിനീയർ ലഭ്യമാക്കിയിട്ടുള്ള അഭിപ്രായകുറിപ്പിൽ, പ്രവൃത്തി സംബന്ധിച്ച് ക്രമക്കേടുകളൊന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടില്ല എങ്കിലും മെഷർമെന്റ് ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നും ചെറിയ പിഴവുകൾ ഉണ്ടായിട്ടുള്ളതായും, ചെക്ക് മെഷർമെന്റ് നടത്തുമ്പോൾ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടിയിരുന്നെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട്, കുറ്റാരോപിതൻ സമർപ്പിച്ചിട്ടുള്ള പ്രതിവാദപത്രിക, ആയതിന്മേൽ ചീഫ് എൻജിനീയറുടെ അഭിപ്രായം എന്നിവ പരിശോധിച്ചതിൽ ചെക്ക് മെഷർമെന്റ് നടത്തിയതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. മെഷർമെന്റ് ബുക്കിൽ അളവുകൾ രേഖപ്പെടുത്തുന്നതിൽ കാട്ടിയ പിശക് അംഗീകരിക്കാൻ കഴിയുന്നതല്ല. ആയതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അരുൺ.ജെ.രഞ്ചിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കാമെന്ന താത്കാലിക തീരുമാനം ഈ വകുപ്പ് കൈക്കൊള്ളുകയും

ആയതിന്മേൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം തേടുകയുമുണ്ടായി. പ്രസ്തുത വകുപ്പ് ഈ വകുപ്പിന്റെ താത് കാലിക തീരുമാനത്തോട് യോജിപ്പ് അറിയിച്ചിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അരുൺ ജെ. രഞ്ചിനെതിരെ ഈ വകുപ്പിൽ ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ് :-

1. ശ്രീ. അരുൺ ജെ. രഞ്ച്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ.ചീഫ് എഞ്ചിനീയർ മുഖാന്തിരം).
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
5. തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.
6. വിജിലൻസ് (ഡി) വകുപ്പ് ( Vig- D3/489/2019-Vig).
7. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SREEKANTH G
Date: 2020.01.04 12:15:26 IST
Reason: Approved

സെക്ഷൻ ഓഫീസർ